## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1381 — 03/10/16-ൽ മറുപടിക്ക്

### അഗ്നിശമനസേനയുടെ ആധുനികവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
| എ) അഗ്നിശമനസേന വിഭാഗത്തെ ആധുനികവത്കരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | എ) ആധുനിക ഉപകരണങ്ങളും, വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന തീപിടിത്തത്തിന്റെ സാഹചര്യത്തിൽ അഗ്നിസുരക്ഷ ആഡിറ്റ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;<br>സി) ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്? | (ബി)& (സി)<br>ഉണ്ട്. സംസ്ഥാനത്തെ ജില്ലകളിൽ നഗരമധ്യത്തിൽ സ്ഥിതിചെയ്യുന്നതും ജനത്തിരക്കും, തീ പിടുത്ത സാദ്ധ്യതകളും നിലനിൽക്കുന്നതുമായ സ്ഥലങ്ങളിൽ അഗ്നിപ്രതിരോധ നടപടികളുടെ ഭാഗമായി ഫയർ ഓഡിറ്റ് നടത്തിവരുന്നു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ